WEDNESDAY 20-04-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Sunilkumar R** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-20/04/2022.

1. കാർഷികവികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന **ഞങ്ങളും കൃഷിയിലേയ്ക്ക്** എന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ (ഏപ്രിൽ 21) രാവിലെ 10 മണിയ്ക്ക് ചേർത്തല ടൌൺ എൻ.എസ്.എസ് കരയോഗം ആഡിറ്റോറിയത്തിൽ വച്ച് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിയ്ക്കും. കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് യോഗത്തിൽ അദ്ധ്യക്ഷം വഹിയ്ക്കും. ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ തൈവിതരണ ഉദ്ഘാടനം നടത്തും.

2. ക്ഷീരവികസന വകുപ്പിന്റെ കീഴിൽ ഓച്ചിറ പ്രീമിയർ ജംഗ്ഷനിൽ പ്രവർത്തിച്ച് കൊണ്ടിരുന്ന ക്ഷീരോത്പന്ന നിർമ്മാണ പരിശീലന കേന്ദ്രം ഓച്ചിറ കല്ലൂർ മുക്കിന് പടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന ബ്രഹ്മാനന്ദവിലാസം എൻ.എസ്.എസ് കരയോഗത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയതായി പരിശീലനകേന്ദ്രം പ്രിൻസിപ്പാൾ അറിയിച്ചു.

3. പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾ അറിയിയ്ക്കുവാനായി കൃഷിവകുപ്പ് കൺട്രോൾ റൂമുകൾ പ്രവർത്തനമാരംഭിച്ചു. കൺട്രോൾ റൂം ഫോൺനമ്പരുകൾ താഴെ പറയുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | 9383470086 | 9383470092 |
| കൊല്ലം | 9447104855 | 7907935033 |
| പത്തനംതിട്ട | 9495734107 | 9495606930 |
| കോട്ടയം | 9383470704 | 9447661125 |
| ആലപ്പുഴ | 8848017609 | 9447400212 |
| എറണാകുളം | 9383471150 | 9383471180 |
| തൃശ്ശൂർ | 9383473242 | 9383473536 |
| പാലക്കാട് | 9447359453 | 9447839399 |
| മലപ്പുറം | 9400000914 | 9446474275 |
| കോഴിക്കോട് | 8547802323 | 9847402917 |
| ഇടുക്കി | 9447232202 | 9447447705 |

| | | |
|---|---|---|
| വയനാട് | 9446367312 | 9383471915 |
| കണ്ണൂർ | 9383472028 | 9495326950 |
| കാസർഗോഡ് | 9383471961 | 9383471965 |

4. വിതുര ജഴ്സി ഫാമിൽ സങ്കര നേപ്പിയർ, സൂപ്പർ നേപ്പിയർ എന്നീ പുല്ലിനങ്ങളുടെ നടീൽ വസ്തുക്കൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 6238450852 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. കേന്ദ്ര കർഷകക്ഷേമ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന നാളികേര വികസന ബോർഡും ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രിയുമായി ചേർന്ന് നാളികേരാധിഷ്ഠിത ഉൽപന്നങ്ങളുടെ വെർച്വൽ വ്യാപാരമേള ഈ മാസം 26 മുതൽ 28 വരെ (ഏപ്രിൽ 26 മുതൽ 28 വരെ) നടത്തുന്നു. നാളികേരാധിഷ്ഠിത ഭക്ഷ്യോല്പന്നങ്ങൾ മധുര പലഹാരങ്ങൾ, പാനീയങ്ങൾ മുതൽ ഭക്ഷ്യേതര ഉൽപന്നങ്ങളും മേളയിൽ പ്രദർശിപ്പിക്കും. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് ഏറ്റവും പുതിയ നാളികേര ഉൽപന്നങ്ങളെ പരിചയപ്പെടുത്തൽ, നാളികേര ഉല്പന്നങ്ങൾ വാങ്ങാനുള്ള ക്രമീകരണം, വിൽക്കുന്നവരും വാങ്ങുന്നവരും തമ്മിൽ മുഖാമുഖം, വ്യാപാര അന്വേഷണങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള സന്ദർശകർ തമ്മിൽ കൂടിക്കാഴ്ച, അന്വേഷണങ്ങൾ സുഗമമാക്കാൻ ബിസിനസ്സ് അന്വേഷണ ഫോമുകൾ തുടങ്ങി മേഖലയിലെ വ്യാപാരികൾക്കും നിർമ്മാതാക്കൾക്കും വെർച്വൽ വ്യാപാര മേളയിൽ വിവിധ സേവനങ്ങളാണ് ഒരുക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് **0484-4058041/42, 9746903555** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

6. മലപ്പുറം ജില്ലയിലെ ആതവനാട് ജില്ലാ പഞ്ചായത്ത് കോഴിവളർത്തൽ കേന്ദ്രത്തിൽ നിന്നും അഞ്ചുരൂപ നിരക്കിൽ ഗ്രാമശ്രീ ഇനത്തിൽ പെട്ട കോഴികളുടെ മുട്ട വിൽപ്പനയുണ്ടായിരിയ്ക്കുന്നതാണെന്ന് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0494- 2960068 എന്ന ഫോൺ നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


7. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ള കർഷകർ **0479-2452277, 9495805511** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## പരിശീലന പരിപാടികൾ

8. തിരുവനന്തപുരം വെള്ളായണി കാർഷിക കോളജിലെ പോസ്റ്റ്ഹാർവെസ്റ്റ് ടെക്നോളജി വിഭാഗത്തിൽ വച്ച് **പഴം - പച്ചക്കറിസംസ്കരണം** എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലനപരിപാടി ഈ മാസം **26-ന് (26.4.2022)** നടത്തുന്നു. 500/ രൂപയാണ് രജിസ്ട്രേഷൻ ഫീസ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പരമാവധി 20 പേർക്കാണ് പ്രവേശനം നൽകുന്നത്. താല്പര്യമുള്ളവർ **9447281300** എന്ന നമ്പറിൽ ബന്ധപ്പെടുക.

9. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിച്ചു വരുന്ന പരിശീലന കേന്ദ്രത്തിൽ വച്ച് മെയ് മാസം **12,13 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 19-ന് കാടവളർത്തൽ, 26,27 തീയതികളിൽ ബ്രോയിലർ വളർത്തൽ** എന്നീ പരിശീലനങ്ങൾ നടത്തുന്നു. താൽപ്പര്യമുള്ളവർ സെൻട്രൽ ഹാച്ചറി പരിശീലന വിഭാഗവുമായി ബന്ധപ്പെട്ട് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0479-2457778, 0479-2452277** എന്നീ ഫോൺ നമ്പരുകളിൽ പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടുക.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് റബ്ബർനടീലിൽ ഈ മാസം 22-ന് പരിശീലനം നടത്തുന്നു. **റബ്ബർനടീൽ, പരിപാലനം, ഇടവിളക്കൃഷി, കളനാശനം** എന്നിവ ഉൾപ്പെടുന്നതാണ് പരിശീലനപരിപാടി. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.


ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം